**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1108** **06-02-2023 - ൽ മറുപടിയ്ക്ക്**

**വെള്ളക്കരത്തിന്റെ അടിസ്ഥാന താരിഫിൽ ഉണ്ടായ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വെള്ളക്കരം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **തീരുമാനിച്ചിട്ടുണ്ട്. ഒരു ലിറ്റർ കുടിവെള്ളത്തിന് ഒരു പൈസ നിരക്കിൽ വർദ്ധിപ്പിക്കുവാനാണ് തീരുമാനിച്ചത്.** |
| (ബി) | കേന്ദ്ര സർക്കാരിന്റെ അധികവായ്പാ വ്യവസ്ഥ പ്രകാരം 2021 മുതൽ എല്ലാ വർഷവും അടിസ്ഥാന താരിഫിൽ 5 ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | **ഉണ്ട്. കേന്ദ്ര സർക്കാരിന്റെ അധികവായ്പാ വ്യവസ്ഥ അനുസരിച്ച് 10/02/2021 തീയതിയിലെ G.O.(Ms)No.9/2021/WRD ഉത്തരവ് പ്രകാരം 5% വർദ്ധനവ് വരുത്തിയിട്ടുണ്ട്.** |
| (സി) | വെള്ളക്കരത്തിന്റെ അടിസ്ഥാന താരിഫിൽ 5 ശതമാനം വർദ്ധനവ് എല്ലാ വർഷവും നടത്തുന്നതിന് പുറമെ വീണ്ടും വെള്ളക്കരം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ? | (സി) | **തീരുമാനിച്ചിട്ടുണ്ട്. 1,000 ലിറ്റർ (ഒരു കിലോ ലിറ്റർ) ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് 22.85 രൂപ വാട്ടർ അതോറിറ്റിക്ക് ചിലവാകുന്നുണ്ട്. എന്നാൽ ശരാശരി 10.92 രൂപ മാത്രമാണ് ഒരു കിലോ ലിറ്റർ ജലത്തിൽ നിന്നും വരുമാനമായി ലഭിക്കുന്നത്. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം വരുന്നുണ്ട്. ഒരു ലിറ്റർ കുടിവെള്ളത്തിന് ഒരു പൈസ നിരക്കിൽ വർദ്ധിപ്പിക്കുന്നത് വഴി ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസം 1000 ലിറ്റർ ജലത്തിന് 14.41 രൂപ വർദ്ധിക്കുന്നതും ഇതിനോടൊപ്പം 01/04/2023 മുതൽ 5% കൂടി വർദ്ധിക്കുകയാണെങ്കിൽ ഒരു കിലോ ലിറ്ററിന് 15.13 രൂപ മാത്രമേ വരുന്നുള്ളൂ. അതായത് ഉല്പാദന ചിലവിനോടടുത്തു അപ്പോഴും എത്തുന്നില്ല.<br><br>മാത്രവുമല്ല ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചിലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് വഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടാകുന്നത്. വർഷാവർഷം വർധിച്ചു വരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റ പണികളുടെ ചെലവ്, വായ്പ** |

| | | | |
|---|---|---|---|
| | | | തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. ഇത് മൂലം വാട്ടർ അതോറിറ്റിക്ക് 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ (എ.ജി ക്ക് ഓഡിറ്റിന് നൽകിയത്) പ്രകാരം 4911.42 കോടി രൂപയാണ് സഞ്ചിത നഷ്ടം. വൈദ്യുതി ചാർജ്ജ് ഇനത്തിൽ KSEB ക്കു 1263.64 കോടി രൂപ വാട്ടർ അതോറിറ്റി നൽകാനുണ്ട്. മാത്രമല്ല 2018 മുതൽക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും, പി.എഫ് ഉൾപ്പെടെയുള്ള മറ്റു ആനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് 137.06 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്.<br>ഈ സാഹചര്യത്തിലാണ് വാട്ടർ ചാർജ്ജു വർധിപ്പിക്കാനുള്ള കേരള വാട്ടർ അതോറിറ്റിയുടെ ശുപാർശ അംഗീകരിക്കാൻ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ